>> കവർസ്റ്റോറി

• വി.പി.എ അസീസ്



# ഇസ്‌ലാം ഭീതിയുടെ വേലിയേറ്റവും ഒ.ഐ.സിയുടെ നിരീക്ഷണങ്ങളും

*'ഇസ്‌ലാമിനെ കരുണാമയമായി ചിത്രീകരിക്കാൻ പാശ്ചാത്യ മാധ്യമങ്ങൾക്കു കഴിയില്ല. ഇസ്‌ലാമിൽ വൈദഗ്ധ്യം നേടിയ പാശ്ചാത്യ പണ്ഡിതർ മുൻവിധിയോടെയും വെറുപ്പോടെയുമാണ് ആ മതത്തെയും അതുമായി ബന്ധപ്പെട്ട സംസ്കാരത്തെയും കാണാറുള്ളത്.'*

*എഡ്വേർഡ് സെയ്ദ്*

**2001** സെപ്റ്റംബർ 11-ന് ന്യൂയോർക്കിലെ വേൾഡ് ട്രേഡ് സെന്ററിനു നേരെ അരങ്ങേറിയ ആക്രമണത്തോടെ ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരായ വിദ്വേഷ പ്രചാരണങ്ങൾ പാശ്ചാത്യ ലോകത്ത് കൊഴുക്കുകയാണ്. ഇസ്‌ലാംഭീതി(Islamophobia) ഗ്രസിച്ച മാധ്യമങ്ങളും നേതാക്കളും നിത്യേന പ്രസരിപ്പിക്കുന്ന വിഷധൂളികളാൽ നിഷ്പക്ഷമതികൾപോലും അന്ധരായിപ്പോകുന്നു. സാമ്രാജ്യത്വ താൽപര്യ സംരക്ഷണത്തിനായി ആരംഭിച്ച 'ഭീകര വിരുദ്ധ യുദ്ധം' മഹത്വവൽക്കരിക്കപ്പെടുകയും അതിനു പിന്നിലെ യഥാർഥ അജണ്ട ഒളിച്ചു പിടിക്കപ്പെടുകയും ചെയ്യുന്നു. മുതലാളിത്തത്തെ സ്വാഭാവിക വ്യവസ്ഥയായും അപ്രമാദിത്വ രീതിയായും അവതരിപ്പിക്കുന്ന മാധ്യമങ്ങൾ ഇസ്‌ലാമുൾപ്പെടെ അതിനെ എതിർക്കുന്ന സർവതിനേയും പ്രതിലോമ സ്വഭാവമുള്ള പിന്തിരിപ്പത്തമായി മുദ്രയടിക്കുന്നു. ലോക മുതലാളിത്ത വ്യവസ്ഥക്ക് അനുകൂലമായ സമകാലിക കാലാവസ്ഥയിൽ ഇസ്‌ലാമോഫോബിയ ശക്തിപ്പെടുകയാണെന്ന് സ്പഷ്ടമാക്കുന്ന ചില പ്രധാന സംഭവങ്ങളെയും അതിനെതിരെ ബോധവൽക്കരണത്തിൽ ഊന്നി ഒ.ഐ.സിയുടെ ദക്കർ സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട സമഗ്ര നിരീക്ഷണങ്ങളെയും അവലോകനം ചെയ്യാനാണ് ഈ ലേഖനം ശ്രമിക്കുന്നത്.

ദുഷ്ടമതമാണെന്ന പ്രചാരണത്തോടെ ഇസ്‌ലാമിനെ അപഹസിക്കൽ, മുസ്‌ലിംകൾക്കെതിരെ വംശവെറിയും അസഹിഷ്ണുതയും പ്രകടിപ്പിക്കൽ തുടങ്ങിയ സംഭവങ്ങൾ പാശ്ചാത്യ സമൂഹങ്ങളിൽ സമീപകാലത്ത് വർധിച്ചു വരികയാണ്. പരിധിവിട്ട ഇത്തരം ഇസ്‌ലാം നിന്ദകൾ, മുഴുവൻ മുസ്‌ലിം ലോകത്തിന്റെയും പ്രധാന ഉത്കണ്ഠയായി മാറിയിട്ടുണ്ട്.

### ഇസ്‌ലാംഭീതിയുടെ പശ്ചാത്തലം

'ഇസ്‌ലാമിനോട് അടിസ്ഥാന രഹിതമായ ഭയപ്പാടും ശത്രുതയും വെച്ചു പുലർത്തുകയും, അതിന്റെ ഭാഗമായി മുഴുവൻ മുസ്‌ലിംകളോടോ ഭൂരിപക്ഷം മുസ്‌ലിംകളോടോ വിദ്വേഷ മനോഭാവം പ്രകടിപ്പിക്കുകയും ചെയ്യൽ' എന്നാണ് യു.എൻ വംശീയ വിവേചന, വംശവിദ്വേഷകാര്യ വിഭാഗം ദൂതൻ ഡൗഡു ഡീൻ ഇസ്‌ലാമോഫോബിയക്കു നൽകിയിരിക്കുന്ന നിർവചനം. വിവേചനം, അസഹിഷ്ണുത, മുൻവിധിയോടെയുള്ള അകറ്റിനിർത്തൽ, സാമൂഹിക രാഷ്ട്രീയ മണ്ഡലങ്ങളിൽനിന്ന് മുസ്‌ലിംകളെ മാറ്റിനിർത്തൽ തുടങ്ങിയവയാണ് ഇസ്‌ലാമോഫോബിയയുടെ പ്രായോഗിക പ്രത്യാഘാതങ്ങൾ. മുസ്‌ലിം വിരുദ്ധ മതദ്വേഷം,

വർഗീയാക്രമണങ്ങൾക്കും ഇസ്‌ലാമിക ചിഹ്നങ്ങളുടെ അവഹേളനങ്ങൾക്കും വഴിയൊരുക്കിയിട്ടുണ്ട്. ഖുർആൻ മുതൽ പള്ളികൾവരെ നിരോധിക്കാനുള്ള ആഹ്വാനം, മുസ്‌ലിം കുടിയേറ്റക്കാരെ പുറത്താക്കണമെന്ന മുറവിളികൾ തുടങ്ങിയവ ഇസ്‌ലാംഭീതിയുടെ പ്രത്യക്ഷ ദൃഷ്ടാന്തങ്ങളാണ്.

പാശ്ചാത്യ ജനതയുടെ ബോധമണ്ഡലങ്ങളിൽ ഇസ്‌ലാം വിരോധം നൂറ്റാണ്ടുകൾക്കു മുമ്പേ ഉടലെടുത്തിട്ടുണ്ടെങ്കിലും സെപ്റ്റംബർ 11 ഭീകരാക്രമണത്തോടെ അത് കൂടുതൽ ഭീഷണമായ രീതിയിൽ മറനീക്കി പുറത്തുവന്നുകൊണ്ടിരിക്കുന്നു. മുസ്‌ലിംകളെ മുഴുവൻ വിദ്വേഷത്തോടെയും സംശയത്തോടെയും കാണൽ, വിവേചനങ്ങൾക്കിരയാക്കൽ, ഭീകരരായി മുദ്രയടിക്കൽ, ഇസ്‌ലാമിനെ വികലമായി ചിത്രീകരിക്കൽ തുടങ്ങിയവയെല്ലാം ഇസ്‌ലാമോഫോബിയയുടെ വകഭേദങ്ങളാണ്. ഇതുവഴി മുസ്‌ലിംകളുടെ അടിസ്ഥാന പൗരാവകാശങ്ങൾപോലും ലംഘിക്കപ്പെടുന്നു. സംശയത്തിന്റെ അടിസ്ഥാനത്തിൽ പലരും വിചാരണപോലുമില്ലാതെ രഹസ്യ തടവറകളിൽ അടക്കപ്പെടുന്നു. ചുരുക്കത്തിൽ, മുസ്‌ലിംകൾക്കെതിരായ അസഹിഷ്ണുത, ശത്രുതാഭാവം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വംശവെറിയുടെ പുതുരൂപമാണ് 'ഇസ്‌ലാമോഫോബിയ' എന്ന പദത്തിലൂടെ വ്യവഹരിക്കപ്പെടുന്നത്.

ഇസ്‌ലാമിന്റെ ആവിർഭാവകാലം മുതലേ അതിനെതിരായ ശത്രുതയും പിറവികൊണ്ടതായി ചരിത്രത്തിൽ വായിക്കാം. ഗ്രീക്-ബൈസാന്റിയൻ ക്രൈസ്തവ സഭകൾ തുടക്കം മുതലേ ഇസ്‌ലാമിനെ പൈശാചിക മതമായും ദൈവനിന്ദയായും മുസ്‌ലിംകളെ വിജ്ഞാന വിരോധികളായും മുദ്രയടിച്ചു. ഇസ്‌ലാമിന്റെ സ്വാധീനം സ്പെയിനിലേക്കു പകർന്നതോടെ യൂറോപ്പിന്റെ ഭീതിയും അമ്പരപ്പും വർധിക്കുകയുണ്ടായി.

### കുപ്രചാരണങ്ങൾ അവഹേളനങ്ങൾ കൈയേറ്റങ്ങൾ

1970-ലെ എണ്ണവിലക്കയറ്റത്തോടെ മുസ്‌ലിം അറബ് നാടുകൾ പാശ്ചാത്യ രാജ്യങ്ങളുടെ ശ്രദ്ധാകേന്ദ്രമായി. അതോടെ എണ്ണ വിൽപനക്കാരും ചോരക്കൊതിയന്മാരും പ്രാകൃതരുമായി പാശ്ചാത്യമാധ്യമങ്ങൾ മുസ്‌ലിംകളെ ചിത്രീകരിക്കാൻ തുടങ്ങി. 1979-ൽ ഇറാനിലെ ഇസ്‌ലാമിക വിപ്ലവത്തോടെ പാശ്ചാത്യർക്കിടയിൽ, വിശേഷിച്ച് അമേരിക്കയിൽ ഇസ്‌ലാമിനു നേരെ ഉത്കണ്ഠയും കോപവും വ്യാപകമായി.

**മുസ്‌ലിംകളെ മുഴുവൻ വിദ്വേഷത്തോടെയും സംശയത്തോടെയും കാണൽ, വിവേചനങ്ങൾക്കിരയാക്കൽ, ഭീകരരായി മുദ്രയടിക്കൽ, ഇസ്‌ലാമിനെ വികലമായി ചിത്രീകരിക്കൽ തുടങ്ങിയവയെല്ലാം ഇസ്‌ലാമോഫോബിയയുടെ വകഭേദങ്ങളാണ്. ഇതുവഴി മുസ്‌ലിംകളുടെ അടിസ്ഥാന പൗരാവകാശങ്ങൾപോലും ലംഘിക്കപ്പെടുന്നു. സംശയത്തിന്റെ അടിസ്ഥാനത്തിൽ പലരും വിചാരണപോലുമില്ലാതെ രഹസ്യ തടവറകളിൽ അടക്കപ്പെടുന്നു. മുസ്‌ലിംകൾക്കെതിരായ അസഹിഷ്ണുത, ശത്രുതാഭാവം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വംശവെറിയുടെ പുതുരൂപത്തെയാണ് 'ഇസ്‌ലാമോഫോബിയ' എന്ന പദത്തിലൂടെ വ്യവഹരിക്കപ്പെടുന്നത്.**

1990-കളിൽ സോവിയറ്റ് ചേരി രാഷ്ട്രങ്ങൾ ശിഥിലമാവുകയും ശീതയുദ്ധം തിരോഭവിക്കുകയും ചെയ്തതോടെ ഇസ്‌ലാം വീണ്ടും ശത്രുസ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ടു. കമ്യൂണിസ്റ്റനന്തര കാലഘട്ടത്തിലെ ഏറ്റവും വലിയ ദുഷ്ട പ്രത്യയശാസ്ത്രമായാണ് പടിഞ്ഞാറ് ഇസ്‌ലാമിനെ കണ്ടത്. സാമുവൽ ഹണ്ടിംഗ്ടൺ (സംസ്കാരങ്ങളുടെ സംഘട്ടനം), ഡാനിയൽ പൈപ്പ് (പ്രത്യയശാസ്ത്രത്തിന്റെ അന്ത്യം), ഫുക്കുയാമ (ചരിത്രത്തിന്റെ അവസാനം) എന്നിവർ അവരുടെ കൃതികളിലൂടെ ഇസ്‌ലാമിന്റെ ദാർശനിക പദ്ധതികളെ തന്നെ ദുർബലപ്പെടുത്താനുള്ള ആക്രമണങ്ങളഴിച്ചുവിട്ടു.

ഇസ്‌ലാംഭീതി തലക്കു പിടിച്ച നിലയിലാണ് 1993-ൽ ഹണ്ടിംഗ്ടൺ CLASH OF CIVILIZATION പൂർത്തീകരിച്ചത്. മുസ്‌ലിംകൾക്ക് 'അപരർ' (Others) എന്ന സംജ്ഞ നൽകി പാശ്ചാത്യരിൽനിന്ന് വേറിട്ട കള്ളിയിൽ കയറ്റിനിർത്തുകയാണ് ഹണ്ടിംഗ്ടൺ. 'വ്യക്തിവാദം, ഉദാരവാദം, ഭരണഘടനോപരത, സമത്വം, നിയമവാഴ്ച, ജനാധിപത്യം, ചർച്ചിനേയും രാഷ്ട്രത്തെയും വേർതിരിക്കൽ എന്നീ പാശ്ചാത്യ മൂല്യങ്ങൾ മുസ്‌ലിം സമൂഹത്തിൽ കാണാനില്ലെ'ന്ന് ഹണ്ടിംഗ്ടൺ ആരോപിക്കുന്നുണ്ട്. പാശ്ചാത്യർക്ക് അഭിമുഖീകരിക്കാനുള്ള പ്രശ്നം മുസ്‌ലിം മതമൗലികവാദത്തിന്റേതല്ല; പ്രശ്നം ഇസ്‌ലാം തന്നെയാണെന്ന് ഹണ്ടിംഗ്ടൺ അർഥശങ്കക്കിടയില്ലാതെ പ്രഖ്യാപിക്കുന്നു.

സെപ്റ്റംബർ 11 ആക്രമണത്തോടെ ഇസ്‌ലാമോഫോബിയ കൂടുതൽ തീവ്രമായും വ്യാപകമായും വളരുന്നതിന് ലോകം സാക്ഷിയായി. ഇസ്‌ലാമോഫോബിയയിൽനിന്ന് ഉടലെടുത്ത നിരവധി സംഭവങ്ങൾ ഇതിനകം ഒ.ഐ.സിയുടെ നിരീക്ഷണ സെല്ലായ ഒ.ഐ.സി ഒബ്സർവേറ്ററി വിശദമായി രേഖപ്പെടുത്തുകയുണ്ടായി.

പ്രവാചകനെ അവഹേളിക്കുന്ന കാർട്ടൂണുകൾ മുതൽ പ്രവാചകത്വത്തെ ഇകഴ്ത്തുന്ന പോപ്പ് ബനഡിക്റ്റിന്റെ പ്രസ്താവനകൾ വരെ ഒബ്സർവേറ്ററി ഈ ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടു വർഷം മുമ്പ് ലോകവ്യാപകമായി പ്രതിഷേധങ്ങളുയർത്തിയ ഡാനിഷ് കാർട്ടൂണുകൾ ഡെന്മാർക്കിലെ 17 പത്രങ്ങൾ ഈ വർഷം വീണ്ടും പ്രസിദ്ധീകരിച്ച് പുതിയ പ്രകോപനങ്ങൾക്ക് വഴിയൊരുക്കുകയുണ്ടായി. പല പാശ്ചാത്യ ഗവൺമെന്റുകളും പ്രവാചകനിന്ദയെ അപലപിച്ചുവെങ്കിലും ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ കാർട്ടൂണുകളെ ന്യായീകരിക്കാനായിരുന്നു ഭൂരിപക്ഷത്തിന്റെയും ശ്രമം. മതവികാരം വ്രണപ്പെടുത്തുന്നതും അതിന്റെ പേരിൽ ആക്രമണങ്ങൾ അരങ്ങേറുന്നതിനേയുമാണ് ഇക്കൂട്ടർ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ സാധൂകരിക്കുന്നത്. ഇസ്‌ലാമിനെതിരെ തീവ്രവികാരം ഉണർത്തുന്ന പ്രസ്താവനകളുമായി യൂറോപ്യൻ രാഷ്ട്രീയ നേതാക്കൾ സജീവമായി രംഗത്തുണ്ട്. അവരിൽ ഇതിനകം കുപ്രസിദ്ധി നേടിക്കൊണ്ടിരിക്കുന്ന വ്യക്തിയാണ് വലതുപക്ഷ ഡച്ച് എം.പി ഗീർട്ട് വൈൽഡേഴ്സ് (Geert Wilders). ഫ്രീഡം പാർട്ടി നേതാവായ ഇയാൾ വിശുദ്ധ ഖുർആന് നിരോധം പ്രഖ്യാപിക്കണമെന്നാണ് ഏതാനും വർഷമായി ഉന്നയിക്കുന്ന പ്രധാന ആവശ്യം. ഹിറ്റ്ലറുടെ ആത്മകഥയായ *മെയ്ൻകാഫ്* നിരോധിച്ചതുപോലെ ഖുർആനും നിരോധിക്കണം; മുസ്‌ലിം കുടിയേറ്റക്കാരെ രാജ്യത്ത് നിന്ന് പുറത്താക്കണം; പള്ളികൾ നിർമിക്കാൻ അനുവാദം നൽകരു

ത്; എന്നിങ്ങനെ പോകുന്നു അദ്ദേഹത്തിന്റെ വാദഗതികൾ. ഇസ്‌ലാമിനോടുള്ള തുറന്ന അസഹിഷ്ണുത പ്രകടിപ്പിക്കുന്ന വൈൽഡേഴ്സ് ഖുർആനെ അപഹസിക്കുന്ന പ്രകോപന സിനിമയും കഴിഞ്ഞമാസം തട്ടിക്കൂട്ടി. 'ഫിത്ന' എന്ന പേരുനൽകി തയാറാക്കിയ സിനിമ ഖുർആനിലെ വിശുദ്ധ സൂക്തങ്ങൾ സന്ദർഭങ്ങളിൽനിന്ന് അടർത്തിമാറ്റി, ഭാഗികമായി ഉദ്ധരിച്ചുകൊണ്ട് ഖുർആൻ ഹിംസയുടെ വശത്താണെന്ന് മുദ്രയടിക്കുന്നു. സ്വാതന്ത്ര്യം, സഹിഷ്ണുത, ജനാധിപത്യം എന്നിവയെ സംബന്ധിച്ച് സദാ വാചാലരാകാറുള്ള പാശ്ചാത്യ നേതാക്കളുടെ അസഹിഷ്ണുതയും പരമത വിദ്വേഷവും മറനീക്കി പുറത്തുവരുന്ന നിരവധി സംഭവങ്ങൾ ഇതിനകം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കുക:

ഇറ്റലിയിൽ പള്ളികൾ നിർമിക്കുന്നതിനെതിരായ വിദ്വേഷം 'പന്നിദിനം' (Pigday) ആചരിച്ചുകൊണ്ടാണ് നോർതേൺ ലീഗ് എന്ന സംഘടനയുടെ കോ-ഓർഡിനേറ്റർ റോബർട്ട് കാൽഡെറോലി പ്രകടിപ്പിച്ചത്. പള്ളികൾ ആത്മീയ കേന്ദ്രങ്ങൾ അല്ലെന്നും ഭീകരന്മാരെ വളർത്തുന്ന നഴ്സറികളാണെന്നും ഇയാൾ പൊതുജനങ്ങൾക്കിടയിൽ പ്രചരിപ്പിച്ചു. ആസ്ട്രിയയിലെ ഫ്രീഡം പാർട്ടി സ്ഥാനാർഥി ഇസ്‌ലാമിനെ മിഡിലീസ്റ്റിൽ തളച്ചിടണമെന്ന ആഹ്വാനത്തോടെയാണ് തെരഞ്ഞെടുപ്പ് പ്രചാരണങ്ങൾ കൊഴുപ്പിച്ചത്. മുസ്‌ലിംകൾക്ക് യൂറോപ്പിലൊരിടത്തും പ്രവേശനം പാടില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം.

### ബുദ്ധിജീവികളുടെ ഇസ്‌ലാം നിന്ദ

കഴിഞ്ഞ ഏതാനും വർഷമായി ഇസ്‌ലാമിനെ നിന്ദിക്കുന്ന പ്രസ്താവനകൾ തുടർച്ചയായി പുറത്തുവിട്ട് പാശ്ചാത്യ മാധ്യമങ്ങളുടെ കൈയടി നേടുന്ന ബുദ്ധിജീവിയാണ് അയാൻ ഹിർസി അലി എന്ന സോമാലിയൻ വംശജ. ഡച്ച് പൗരത്വം നേടാനാണ് ഇവർ മുസ്‌ലിം ചുവയുള്ള പേര് കടംകൊണ്ടതെന്നും, അമേരിക്കയിൽ അഭയം നേടാനാണ് നിരന്തരമായ ഇസ്‌ലാം നിന്ദയെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. *വാഷിംഗ്ടൺ പോസ്റ്റി*ന്റെ കോളമിസ്റ്റായ അയാൻ ഹിർസി അലി, ഖുർആൻ കാലഹരണപ്പെട്ടതാണെന്നും സ്ത്രീകൾക്ക് ഇസ്‌ലാം അവകാശങ്ങൾ അനുവദിച്ചുകൊടുക്കുന്നില്ലെന്നും പല ലേഖനങ്ങളിലൂടെയും ആരോപിച്ചു വരുന്നു.

**മുസ്‌ലിംകളെ കടുത്ത അച്ചടക്ക നടപടികൾക്ക് വിധേയമാക്കണമെന്നും അറബികൾ സംസ്കാര രഹിതരാണെന്നും പാശ്ചാത്യ സംസ്കാരമാണ് ലോകത്തിലെ സർവോത്കൃഷ്ട സംസ്കാരമെന്നും മാർട്ടിൻ അമിസ് കാച്ചിവിടുകയുണ്ടായി. ടെറി ഈഗ്ൾടൺ എന്ന വിഖ്യാത ഇടതുപക്ഷ ദാർശനികൻ അമിസിന്റെ വിടുവായത്തങ്ങൾക്ക് തക്കതായ മറുപടി നൽകുകയുണ്ടായി. ലോകത്തെ മുഴുവൻ കൊളോണിയൽ ക്രൂരതകൾക്കിരയാക്കിയ ബ്രിട്ടീഷുകാർക്ക് സാംസ്കാരിക ഔൽകൃഷ്ടത്തെക്കുറിച്ച് മിണ്ടാൻ അവകാശമില്ലെന്ന് ഈഗ്ൾടൺ ചൂണ്ടിക്കാട്ടുന്നു.**

നോവലിസ്റ്റായ മാർട്ടിൻ അമിസാണ് ഇസ്‌ലാമിനെതിരെ വാളോങ്ങുന്നതിൽ സായൂജ്യം കണ്ടെത്തുന്ന മറ്റൊരു പാശ്ചാത്യ ബുദ്ധിജീവി. ലണ്ടനിലെ ബസ് സ്ഫോടനങ്ങൾക്കുശേഷം പുറത്തുവിട്ട പ്രസ്താവനകളിൽ അമിസിന്റെ ഇസ്‌ലാംഭീതിയുടെ തീവ്രത സ്പഷ്ടമാകുന്നുണ്ട്. മധ്യപൗരസ്ത്യക്കാരനെന്നു കാഴ്ചയിൽ സംശയം തോന്നുന്ന ഏതു വ്യക്തിയേയും വസ്ത്രമുരിഞ്ഞ് പരിശോധിക്കണമെന്നാണ് ഇയാൾ 2006-ൽ നിർദേശിച്ചത്. മുസ്‌ലിംകളെ കടുത്ത അച്ചടക്ക നടപടികൾക്ക് വിധേയമാക്കണമെന്നും അറബികൾ സംസ്കാര രഹിതരാണെന്നും പാശ്ചാത്യ സംസ്കാരമാണ് ലോകത്തിലെ സർവോത്കൃഷ്ട സംസ്കാരമെന്നും മാർട്ടിൻ അമിസ് കാച്ചിവിടുകയുണ്ടായി. ടെറി ഈഗ്ൾടൺ എന്ന വിഖ്യാത ഇടതുപക്ഷ ദാർശനികൻ അമിസിന്റെ വിടുവായത്തങ്ങൾക്ക് തക്കതായ മറുപടി നൽകുകയുണ്ടായി. ലോകത്തെ മുഴുവൻ കൊളോണിയൽ ക്രൂരതകൾക്കിരയാക്കിയ ബ്രിട്ടീഷുകാർക്ക് സാംസ്കാരിക ഔൽകൃഷ്ടത്തെക്കുറിച്ച് മിണ്ടാൻ അവകാശമില്ലെന്ന് ഈഗ്ൾടൺ ചൂണ്ടിക്കാട്ടുന്നു.

### പള്ളി മിനാരങ്ങൾക്കെതിരെ

പള്ളി മിനാരങ്ങൾ ഇസ്‌ലാമിക നിയമത്തിന്റെ പ്രതീകമാണെന്നും അതിനാൽ അവ എത്രയും വേഗം രാജ്യത്തുനിന്ന് ഇല്ലായ്മ ചെയ്യണമെന്നും ആവശ്യപ്പെട്ട് ഈയിടെ സ്വിറ്റ്സർലന്റിൽ നടന്ന പ്രചാരണങ്ങൾ പടിഞ്ഞാറിന്റെ അസഹിഷ്ണുത തുറന്നുകാട്ടുന്നു. അന്ധമായ ഇസ്‌ലാം വിരോധമുള്ള വലതുപക്ഷ പീപ്പിൾസ് പാർട്ടിയായിരുന്നു വിചിത്രമായ ഈ പ്രചാരണങ്ങൾക്കു പിന്നിൽ. മിനാരങ്ങൾക്കു വിലക്കു പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് പാർട്ടി ഒപ്പുശേഖരണവും നടത്തി. യഥാർഥത്തിൽ സ്വിസ് മുസ്‌ലിംകൾ വേണ്ടത്ര പള്ളികൾ ഇല്ലാതെ ഫാക്ടറികൾക്കു പിന്നിലെ ഗോഡൗണുകളിലും ഉപേക്ഷിക്കപ്പെട്ട പഴയ കെട്ടിടങ്ങളിലുമൊക്കെ നമസ്കാരം നിർവഹിക്കുമ്പോഴാണ് ഈ പ്രകോപനപരമായ നീക്കം അരങ്ങേറിയത്.

### പണ്ഡിതന്മാരെ പുറത്താക്കൽ

ഇസ്‌ലാമിനോട് ശക്തമായ പ്രതിബദ്ധത പുലർത്തുന്ന നിരവധി പണ്ഡിതന്മാരെ ഫ്രാൻസ്, ബ്രിട്ടൻ, ജർമനി തുടങ്ങിയ രാജ്യങ്ങൾ ഇതിനകം പുറത്താക്കുകയുണ്ടായി. 2001-നുശേഷം 15 ഇമാമുമാരുൾപ്പെടെ 71 പണ്ഡിതന്മാരാണ് ഫ്രാൻസിൽനിന്ന് പുറത്താക്കപ്പെട്ടത്. മുസ്‌ലിംകളിൽ കൂടുതൽ അന്യവത്കരണബോധം വളർത്താനേ ഈ നടപടി ഉതകൂ എന്ന് 'ഹ്യൂമൻ റൈറ്റ്സ് വാച്ച്' ഈ രാജ്യങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയുണ്ടായി.

### ഫാഷിസം ഇസ്‌ലാമിന്റെ തലയിൽ കെട്ടിവെക്കാൻ ശ്രമം

ഫാഷിസം യഥാർഥത്തിൽ ഉത്ഭവിച്ചത് യൂറോപ്പിലാണെങ്കിലും ഇസ്‌ലാമിന്റെ മേൽ ഫാഷിസത്തെ കെട്ടിവെക്കുന്നതിന് 'ഇസ്‌ലാമോഫാഷിസ്റ്റ്' എന്ന കൃത്രിമ പദം തന്നെ പാശ്ചാത്യർ തട്ടിക്കൂട്ടിയിരിക്കുന്നു. കഴിഞ്ഞവർഷത്തെ നയപ്രഖ്യാപന പ്രസംഗത്തിലുടനീളം ജോർജ് ബുഷ് ഈ പദം ഉപയോഗിക്കുകയുണ്ടായി. 2007 ഒക്ടോബറിൽ അമേരിക്കൻ സർവകലാശാലകളിൽ 'ഇസ്‌ലാമോഫാഷിസ്റ്റ്' വിരുദ്ധ കാമ്പയിൻ എന്ന പേരിൽ യുവ മനസ്സുകളിൽ തെറ്റുധാരണ പടർത്താനുള്ള ശ്രമവും അരങ്ങേറി. അമേരിക്കയിൽ 'ഫ്രീഡം സെന്റർ' എന്ന പേരിൽ ചിന്താവേദി നടത്തുന്ന ഡേവിഡ് ഹോറോവിറ്റ് ആയി

രുന്നു ഇതിന്റെ സൂത്രധാരൻ. അദ്ദേഹം പ്രതീക്ഷിച്ചപോലെ കാമ്പയിൻ സർവകലാശാലകളിൽ വലിയ പ്രതികരണങ്ങളൊന്നും ഉളവാക്കിയില്ല.

## പള്ളിക്കും ഹിജാബിനും വിലക്ക്

പാരീസ് നഗരപ്രാന്തത്തിൽ പള്ളി നിർമിക്കാനുള്ള ശ്രമം വലതുപക്ഷ രാഷ്ട്രീയ നേതാവ് ഇടപെട്ട് തടഞ്ഞു. പള്ളിക്കുവേണ്ടി പാട്ടം നൽകാൻ ധാരണയിലെത്തിയ സ്ഥലം ഈ രാഷ്ട്രീയ നേതാവ് സൂത്രത്തിൽ കൈവശപ്പെടുത്തി നിർമാണം സ്തംഭിപ്പിക്കുകയായിരുന്നു. ജർമനിയിലും പള്ളിനിർമാണം ഇതേ രീതികളിൽ സ്തംഭിപ്പിക്കപ്പെടുന്നുണ്ട്. സ്പെയിനിലെ പള്ളികൾ നിരീക്ഷണ വിധേയമാക്കാൻ കൂടുതൽ രഹസ്യപ്പോലീസുകാരെ വിന്യസിച്ചുവരികയാണിപ്പോൾ. പള്ളികളിലെ പ്രഭാഷണങ്ങൾ രേഖപ്പെടുത്തി റെക്കോർഡ് ചെയ്യാൻ കൂടുതൽ പരിഭാഷകരേയും സർക്കാർ നിയമിക്കുന്നു.

ആസ്ത്രേലിയയിൽ മുസ്‌ലിം കുടിയേറ്റം അവസാനിപ്പിക്കണമെന്ന പ്രചാരണത്തിലാണ് ക്രിസ്ത്യൻ ഡെമോക്രാറ്റിക് പാർട്ടി (CDP). ആസ്ട്രിയ, ബ്രിട്ടൻ, ഫ്രാൻസ്, സ്പെയിൻ, നെതർലാന്റ്സ്, റഷ്യ എന്നിവിടങ്ങളിൽ നിരവധി പള്ളികൾക്കു നേരെ തീവെപ്പും മറ്റ് ആക്രമണങ്ങളും അരങ്ങേറി. ബ്രിട്ടനിലെ ബാത്ത് പട്ടണത്തിലെ രണ്ടുപേർ പള്ളിയിൽ കടന്നുകൂടി പ്രാർഥനാസ്ഥലങ്ങളിൽ മൂത്രമൊഴിച്ചാണ് ഈയിടെ വിരോധം ശമിപ്പിച്ചത്. ഏഴുവയസ്സായ പാക് ബാലൻ ജാവേദ് ഇഖ്ബാലിനെ അമേരിക്കൻ പര്യടന വേളയിൽ ഭീകരവാദിയായി പ്രഖ്യാപിച്ച് നിരവധി വിമാനതാവളങ്ങളിൽ പിടിച്ചുവെച്ച് ആ ബാലന്റെ വിനോദയാത്രയെ കയ്പുറ്റ അനുഭവമാക്കിത്തീർക്കുകയുണ്ടായി. ഫ്രാൻസിലെ കലാലയങ്ങളിൽ ഹിജാബ് നിരോധിക്കപ്പെട്ടു. ഈയിടെ ഡെന്മാർക്കിലെ പ്രമുഖ നഗരമായ കെന്റ് സിറ്റിയിലും ഹിജാബിന് വിലക്കു പ്രഖ്യാപിച്ചു. ശിരോവസ്ത്ര നിരോധത്തിന് ബ്രിട്ടനിലും അണിയറനീക്കം തകൃതിയാണ്.

പാശ്ചാത്യ സമൂഹങ്ങളിൽ ഇസ്‌ലാംഭീതി പടർത്തുന്നതിൽ മാധ്യമങ്ങളും അതിന്റേതായ ഭാഗം അഭിനയിക്കുന്നു. അച്ചടിമാധ്യമങ്ങൾ, വെബ്സൈറ്റുകൾ, ടെലിവിഷൻ, ബ്ലോഗുകൾ, സിനിമകൾ, കാർട്ടൂൺ സീരിയലുകൾ തുടങ്ങിയ സർവമാധ്യമങ്ങളും ഇസ്‌ലാം വിരുദ്ധ മുൻവിധികളാൽ മലിനീകരിക്കപ്പെട്ടുകഴിഞ്ഞു. വാർത്തകൾ വക്രീകരിച്ചും നുണകൾ ചാലിച്ചും ഇഷ്ടക്കേടുള്ള മുസ്‌ലിം രാജ്യങ്ങൾക്കെതിരെ മനഃശാസ്ത്ര യുദ്ധം അഴിച്ചുവിടുന്ന രീതി അവലംബിക്കാനും മാധ്യമങ്ങൾക്കു മടിയില്ല. സമത്വം, സഹിഷ്ണുത, ജനാധിപത്യം എന്നിവയെക്കുറിച്ച് വാചാലരാകുന്ന പാശ്ചാത്യ രാജ്യങ്ങൾ മൂല്യങ്ങളുടെ മാനദണ്ഡം പാശ്ചാത്യ സംസ്കാരം മാത്രമാണെന്ന അഹന്തയോടെയും കൊളോണിയൽ അധീശത്വ വാഞ്ഛയോടെയും ഇസ്‌ലാമിനെ സമീപിക്കുമ്പോൾ വംശവെറിയുടെ ഇത്തരം പുതുരൂപങ്ങൾ ആവിർഭവിക്കാതിരിക്കില്ല.

(തുടരും)